മാധ്യമം

06 April 2018

# മത്സ്യ കയറ്റുമതി മൂല്യം ഉയർത്താൻ എം.എസ്.സി സർട്ടിഫിക്കേഷൻ

- 10 മത്സ്യ-ചെമ്മീൻ ഇനങ്ങളുടെ മുൻഗണനന പട്ടിക തയാറായി



സി.എം.എഫ്.ആർ.ഐയിൽ നടന്ന പാനൽ ചർച്ചയിൽ മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിലിൻെറ (എം.എസ്.സി) പ്രോഗ്രാം മേധാവി ഡോ. യെമി ഓലാരുന്ദുയി സംസാരിക്കുന്നു

**കൊച്ചി:** വിദേശ വിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കാനാവശ്യമായ മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിൽ (എം.എസ്.സി) സർട്ടിഫിക്കേഷൻ നേടാൻ 10 മത്സ്യ-ചെമ്മീൻ-ഞണ്ട്-കക്ക ഇനങ്ങളുടെ മുൻഗണന പട്ടിക തയാറായി.

എം.എസ്.സി സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) പാനൽ ചർച്ചയിലാണ് പട്ടിക തയാറാക്കിയത്.

കാവാലൻ ഞണ്ട്, ചെമ്മീൻ, റെഡ് റിങ് ചെമ്മീൻ, കൂന്തൽ, പ്രാമുട്ട ശംഖ്, ഫ്ലവർ ചെമ്മീൻ, കല്ലൻ കണവ, കടൽക്കൊഞ്ച്, വരയൻ ചൂര, കിളിമീൻ എന്നിവയാണ് സർട്ടിഫിക്കേഷൻ നേടുന്നതിനായി തെരഞ്ഞെടുത്ത ഇനങ്ങൾ. വിദേശ വിപണികളിലെ വാണിജ്യ പ്രാധാന്യം കണക്കിലെടുത്താണ് ഇവയുടെ പട്ടിക തയാറാക്കിയത്.

എം.എസ്.സിയുടെ ഇക്കോ ലാബലിങ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്താൻ മത്സ്യമേഖലയിലെ വിദഗ്ധർ, സമുദ്രമത്സ്യ കയറ്റുമതി വ്യവസായികൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യ മൊത്ത വ്യാപാരികൾ എന്നിവരടങ്ങിയ ചർച്ചയിൽ തീരുമാനമായി.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ മത്സ്യമേഖലക്ക് യൂറോപ്പ്, വടക്കൻ അമേരിക്കൻ രാജ്യങ്ങളിലെ വിപണികളിൽ കൂടുതൽ സ്വീകാര്യത ലഭിക്കാൻ എം.എസ്.സി സർട്ടിഫിക്കേഷൻ സഹായകരമാകുമെന്ന് സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. സുനിൽ മുഹമ്മദ് പറഞ്ഞു.

എം.എസ്.സി അംഗീകാരം ലഭിച്ച 36 രാജ്യങ്ങളിലെ 338 സമുദ്രവിഭവങ്ങളിൽ ഇന്ത്യയിൽനിന്ന് അഷ്ടമുടിക്കായലിലെ കക്കക്ക് മാത്രമാണ് ഇതുവരെ അംഗീകാരം നേടിയെടുക്കാനായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സമുദ്രവിഭവങ്ങൾക്ക് സുസ്ഥിരത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഡോ. സുനിൽ മുഹമ്മദ് ചെയർമാനായും മത്സ്യമേഖലയിലെ വിദഗ്ധർ, സമുദ്രമത്സ്യ കയറ്റുമതി വ്യവസായികൾ, മത്സ്യത്തൊഴിലാളികൾ, മൊത്ത വ്യാപാരികൾ തുടങ്ങിയവരെ പ്രതിനിധാനം ചെയ്ത് 12 പേർ അംഗങ്ങളായുമുള്ള 'സസ്റ്റെയിനബിൾ സീഫുഡ് നെറ്റ്‌വർക്ക്' രൂപവത്കരിച്ചു.